LIBRARY ARCHIVES Kerala Legislative Assembly

പ്രിൻസിപ്പാളിനെ സാധ്യതാപഠന റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിയോഗിക്കുകയും ടി സ്ഥാപനം ആരംഭിക്കുന്നതിനും സിവിൽ എഞ്ചിനീയറിംഗ്, മെക്കാനിക്കൽ എഞ്ചിനീയറിംഗ്, ആട്ടോമൊബൈൽ എഞ്ചിനീയറിംഗ്, കമ്പ്യൂട്ടർ എഞ്ചിനീയറിംഗ് എന്നീ കോഴ്സുകൾ ആരംഭിക്കുന്നതിനുമായുള്ള വിശദമായ പ്രൊപ്പോസൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയതിനെത്തുടർന്ന് സ്ഥാപനം ആരംഭിക്കുമ്പോൾ പുതു തലമുറ കോഴ്സുകൾ ആരംഭിക്കുന്നതിന്റെ സാദ്ധ്യതകൾ പരിശോധിച്ച് പ്രൊപ്പോസൽ നല്കുന്നതിന് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് സർക്കാർ നിർദ്ദേശം നല്കിയിരിക്കുകയാണ്.

മഞ്ചേശ്വരം താലൂക്കിൽ പുതിയ പോളിടെക്നിക്

161(1146) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ മേഖലയിൽ എത്ര പോളിടെക്നിക് കോളേജുകളാണ് നിലവിലുള്ളത്?

45.

(ബി) മഞ്ചേശ്വരം താലൂക്കിൽ നിലവിൽ പോളിടെക്നിക്കുകളില്ലാത്തതിനാൽ സർക്കാർ മേഖലയിൽ പുതുതായി പോളിടെക്നിക് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

മഞ്ചേശ്വരം താലൂക്കിൽ പുതുതായി സർക്കാർ പോളിടെക്നിക് അനുവദിക്കുന്നതിനുള്ള സാദ്ധ്യതാ പഠനറിപ്പോർട്ട് സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ തയ്യാറാക്കിവരുന്നു.

പുതിയ സർക്കാർ പോളിടെക്നിക്ക് കോളേജുകൾ

162(1147) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ സർക്കാർ പോളിടെക്നിക്ക് കോളേജുകൾ ആരംഭിക്കുന്നത് സംബന്ധിച്ച സർക്കാർ നിലപാട് വിശദമാക്കാമോ?

മുക്കം, ഹരിപ്പാട്, നടുവിൽ, വിളപ്പിൽശാല, കുറ്റിപ്പുറം ടെക്നിക്കൽ ഹൈസ്കൂളിനോട് ചേർന്ന്, പിണറായി ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിൽ സർക്കാർ പോളിടെക്നിക്കുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) വനിതകൾക്കായി കൂടുതൽ സർക്കാർ പോളിടെക്നിക്ക് കോളേജുകൾ ആരംഭിക്കേണ്ടതിന്റെ ആവശ്യകത പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ?

സംസ്ഥാനത്ത് സർക്കാർ മേഖലയിൽ ആരംഭിച്ചിട്ടുള്ള പോളിടെക്നിക്കുകളിൽ നിലവിൽ ഏഴെണ്ണം വനിതാ പോളിടെക്നിക്കുകളാണ്. കൈമനം, കോട്ടക്കൽ, നെട്ടപുഴ, കായംകുളം പയ്യന്നൂർ, കോഴിക്കോട് & കളമശ്ശേരി എന്നീ പോളിടെക്നിക്ക് കോളേജുകൾ വനിതകൾക്കുള്ളവയാണ്. വനിതകൾക്കായി കൂടുതൽ പോളിടെക്നിക്കുകൾ ആരംഭിക്കുന്നതിന്റെ ആവശ്യകത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ലാത്തതിനാൽ ഇക്കാര്യം പരിശോധിച്ചിട്ടില്ല.

(സി) തദ്ദേശ ഭരണ സ്ഥാപനങ്ങൾ സ്ഥലവും അടിസ്ഥാന സൗകര്യങ്ങളും ഒരുക്കിനൽകിയാൽ പുതിയ സർക്കാർ പോളിടെക്നിക്ക് കോളേജുകൾ അനുവദിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഇപ്പോൾ പരിഗണനയിലില്ല.

പയ്യന്നൂരിലെ വനിത റസിഡൻഷ്യൽ പോളിടെക്നിക്കിൽ പുതിയ കോഴ്സുകൾ

163(1148) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ഏക വനിത റസിഡൻഷ്യൽ പോളിടെക്നിക്ക് ആയ പയ്യന്നൂർ പോളിടെക്നിക്കിൽ ന്യൂജനറേഷൻ കോഴ്സുകൾ അനുവദിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

പയ്യന്നൂർ വനിതാ റസിഡൻഷ്യൽ പോളിടെക്നിക്ക് കോളേജിൽ ന്യൂ ജനറേഷൻ കോഴ്സുകൾ ആരംഭിക്കുന്നത് ഇപ്പോൾ പരിഗണനയിലില്ല.

വനിത പോളിടെക്നിക് കോളേജിന്റെ കെട്ടിടനിർമ്മാണം

164(1149) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ എടരിക്കോട് പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന ഗവൺമെന്റ് വനിത പോളിടെക്നിക് കോളേജിന്റെ കെട്ടിടനിർമ്മാണ പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

&

(ബി) ഇതുസംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly